# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 176 09.06.2014-ൽ മറുപടിയ്ക്ക്

## <u>ഉത്തരേന്ത്യയിൽ നിന്നും കടത്തിക്കൊണ്ടുവന്ന കുട്ടികൾ</u>

| | <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|---|
| | ശ്രീ. പി.സി.ജോർജ് | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഉത്തരേന്ത്യയിൽ നിന്നും നാന്നൂറ്റി അൻപതിലേറെ കുട്ടികളെ 2014 മേയ് മാസം മതിയായ രേഖകളില്ലാതെ ഒലവക്കോട് റെയിൽവേ സ്റ്റേഷനിൽ എത്തിച്ച സംഭവം ഉണ്ടായിട്ടുണ്ടോ? | (എ) | ഉണ്ടായിട്ടുണ്ട്. |
| (ബി) | ഈ കുട്ടികളെ എവിടെ നിന്നാണ് കൊണ്ടുവന്നിട്ടുള്ളത്; | (ബി) | ജാർഖണ്ഡ്, ബംഗാൾ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെയാണ് കൊണ്ടുവന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്. |
| (സി) | കുട്ടികളെ കേരളത്തിൽ എത്തിച്ചതിന്റെ ഉദ്ദേശ്യം എന്തെന്നും ആരാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചതെന്നും ഉള്ള വിവരം ലഭ്യമാക്കാമോ; | (സി) | പിന്നിൽ പ്രവർത്തിച്ചവരെപ്പറ്റിയും ഉദ്ദേശ്യത്തെപ്പറ്റിയും വിശദമായ അന്വേഷണം നടത്തി വരുന്നു. കുട്ടികളെ കടത്തി കൊണ്ടുവന്നു എന്ന് സംശയിക്കുന്ന ബീഹാർ സ്വദേശികളായ മെഹ്ബൂബ് റാദി അൻസാരി, മുഹമ്മദ് ആലംഗീർ, മൗലാനാ ഫെയ്ജാലുള്ള, ജാർഖണ്ഡ് സ്വദേശി മുഹമ്മദ് ഇദ്റിസ് ആലം, പശ്ചിമ ബംഗാൾ സ്വദേശികളായ മൺസൂർ,ബക്കർ, ഗോഷ് മുഹമ്മദ്, ജാഹിർ എന്നീ 8 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | സംഭവവുമായി ബന്ധപ്പെട്ട് എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | സംഭവവുമായി ബന്ധപ്പെട്ട് പാലക്കാട് റെയിൽവേ പോലീസ് സ്റ്റേഷനിൽ Cr.48/14 U/s 370(5) IPC, Cr.49/14 U/s 370(5) IPC ആയി 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ 2 കേസ്സുകളും ക്രൈംബ്രാഞ്ചിലേയ്ക്ക് ട്രാൻസ്ഫർ |

ചെയ്തിട്ടുള്ളതും,
സി.ബി.സി.ഐ.ഡി, പാലക്കാട്
ഒ.സി.ഡബ്ല്യു-III, പോലീസ്
സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു
പ്രത്യേക ടീം രൂപീകരിച്ച്
അന്വേഷിച്ചു വരുന്നതുമാകുന്നു.

കുട്ടികളുടെ സുരക്ഷ
ഉറപ്പുവരുത്തുന്നതിനായി കുട്ടികളെ
ചൈൽഡ് വെൽഫയർ കമ്മിറ്റിയെ
ഏൽപ്പിക്കുകയും അവരെ
പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്
ജില്ലകളിലായി ചൈൽഡ്
വെൽഫയർ കമ്മറ്റിയുടെ
നേതൃത്വത്തിൽ സുരക്ഷിതമായി
പാർപ്പിച്ചു വരുന്നു.
രക്ഷകർത്താക്കളുമായി ചൈൽഡ്
വെൽഫയർ കമ്മറ്റി
ബന്ധപ്പെട്ടതിന്റെ
അടിസ്ഥാനത്തിൽ 46 കുട്ടികളെ
രക്ഷകർത്താക്കളോടൊപ്പം
നാട്ടിലേയ്ക്ക് തിരിച്ചയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ